# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2563 17/06/2019-ൽ മറുപടിയ്ക്ക്

**എസ്.ടി കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷം എസ്.ടി കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | 2018-19 സാമ്പത്തികവർഷം വാമനപുരം നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കാട് വെട്ടി യന്ത്രം വിതരണം, തെങ്ങ് കയറ്റ യന്ത്രം വിതരണം, വംശീയ വൈദ്യന്മാർക്ക് ധനസഹായം, ചാറ്റുപാട്ട്, കലാകാരൻമാർക്ക് ധനസഹായം, ഞാറനീലി സ്കൂളിന് ഗേറ്റും, ചുറ്റുമതിൽ നിർമ്മാണവും, പച്ചമല വാളൻകഴി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം, പോട്ടോമാവ് റബ്ബർ കൃഷി, പെട്ടിക്കട, തയ്യൽമെഷീൻ, കിണർ കൈവരി എന്നിവയ്ക്കുള്ള ധനസഹായം, തനിമ – പരമ്പരാഗത തൊഴിൽ യൂണിറ്റിന് ഈറ, മുള, എന്നിവ ഉപയോഗിച്ച് കുട്ട, വട്ടി, മുറം എന്നിവ നിർമ്മിക്കുന്നതിലുള്ള ധനസഹായം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഞാറനീലി കാണി സ്കൂളിന് ഗേറ്റും, ചുറ്റുമതിൽ നിർമ്മാണവും എന്ന പദ്ധതിയൊഴികെ മറ്റ് എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. ഞാറനീലി കാണി സ്കൂളിന് ഗേറ്റും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി അനുവദിച്ച തുക വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പൂർത്തീകരിക്കാത്ത മറ്റു പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ